**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*4 — 04.06.2018 ൽ മറുപടിക്ക്

## ഗുണമേന്മയുള്ള രോഗചികിത്സ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മയുള്ള രോഗചികിത്സ കുറഞ്ഞ ചെലവിൽ സാർവത്രികമായി ലഭ്യമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ജനങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനായി ആർദ്രം മിഷന്റെ ഭാഗമായും അല്ലാതെയും താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരികയാണ്.<br>1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ച് സമഗ്ര ആരോഗ്യ പരിപാലനം ലഭ്യമാക്കാനുള്ള നടപടികൾ<br>2. താലൂക്ക്തല ആശുപത്രികളിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിച്ചു കൊണ്ടും ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിച്ചു കൊണ്ടും സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ ഏകീകരിക്കാനുമുള്ള നടപടികൾ.<br>3. മെഡിക്കൽ കോളേജ് അടക്കമുള്ള ഗവൺമെന്റ് ആശുപത്രികളിലെ ഒ.പി.വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കൽ<br>4. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ട്, കിഫ്ബി, നബാർഡ്, എൻ.എച്ച്.എം., എം.വി., എം.എൽ.എ. ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന ഫണ്ടുകൾ |

| | | | |
|---|---|---|---|
| | | | എന്നിവ ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ<br>5. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കും, ഗവൺമെന്റ് ആശുപത്രികളിലേക്കും ആവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിനും ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.<br>യുണൈറ്റഡ് നേഷന്റെ സുസ്ഥിര വികസന ലക്ഷ്യം അടിസ്ഥാനമാക്കി ആരോഗ്യ രംഗത്തെ വിദഗ്ധ സമിതികൾ കേരളത്തിന് വേണ്ടി തയ്യാറാക്കിയ പ്രവർത്തന പരിപാടികളും 2020, 2030 വർഷങ്ങളിലേക്കുള്ള വികസന ലക്ഷ്യങ്ങളും അടിസ്ഥാനമാക്കിയാണ് ഈ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനായി ഇലക്ട്രോണിക് മെഡിക്കൽ റിക്കോർഡും, ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡും തയ്യാറാക്കാൻ കഴിയുന്ന ഇ-ഹെൽത്ത് പ്രോഗ്രാമും ഇതോടൊപ്പം വിജയകരമായി നടന്നു വരുന്നു. |
| (ബി) | **ശിശുമരണനിരക്ക്, മാതൃമരണനിരക്ക് എന്നിവ കുറച്ച് വികസിത രാജ്യങ്ങളുടേതിന് സമാനമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;** | (ബി) | <u>മാതൃമരണനിരക്ക് കുറക്കുന്നതിനുള്ള പദ്ധതി</u><br>• ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷനും KFOG (Kerala Federation of Obstetrics and Gynecology) എന്നിവയുടെ സഹായത്താൽ ഒരു ക്വാളിറ്റി സ്റ്റാന്റേഡ് തയ്യാറാക്കി തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു.<br>• ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലിചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി വരുന്നു.<br>• ഡിസ്പോസബിൾ ഡെലിവറി കിറ്റ്, ഡിസ്പോസിബിൾ സിസേറിയൻ കിറ്റ് എന്നിവ പ്രസവം നടക്കുന്ന ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി നൽകി വരുന്നു.<br><br>• രോഗ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br><br>• മാതൃമരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃമരണ ഓഡിറ്റും മരണനിരക്ക് കുറക്കുന്നതിനായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകനയോഗങ്ങൾ നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു.<br><br>• ആശുപത്രികളിൽ അണുബാധ തടയുന്നതിനും പ്രസവ മുറി നവീകരിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>• ദേശീയതലത്തിൽ മാതൃമരണ നിരക്ക് കുറക്കുന്നതിനായി നടപ്പിലാക്കി വരുന്ന "ലക്ഷ്യ" പദ്ധതി നടപ്പിലാക്കുന്നതിനായി പ്രസവമുറികളുടെയും ഓപ്പറേഷൻ തീയറ്ററുകളുടെയും നവീകരണം പുതിയ വാർഡുകളുടെ നിർമ്മാണം എന്നിവ എൻ.എച്ച്.എം.പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകൾ മറ്റ് ആശുപത്രികൾ എന്നിവയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതു കൂടാതെ HDU "പൈ ഡിപ്പറ്റന്റ് യൂണിറ്റുകൾ" എട്ട് ആശുപത്രികളിൽ ഉടൻ ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഡോക്ടർമാർ, ലേബർ റൂമിലുള്ള നഴ്സുമാർ എന്നിവർക്ക് "ദക്ഷ്" ('Daksh") ദക്ഷിത പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്<br><br><u>ശിശുമരണനിരക്ക് കുറക്കുന്നതിനുള്ള പദ്ധതി</u><br><br>• ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും, ഇന്ത്യൻ |

| | | | |
|---|---|---|---|
| | | | അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെ സഹായത്തോടെ ഒരു ക്വാളിറ്റി സ്റ്റാന്റേഡ് തയ്യാറാക്കി തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• നവജാത ശിശുക്കളിലെ ജന്മനാ ഉണ്ടാകുന്ന മെറ്റബോളിക് രോഗങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനായി "ന്യൂ ബോൺ സ്ക്രീനിംഗ് പ്രോഗ്രാം", കുട്ടികളിൽ ജന്മനാ ഉണ്ടാകുന്ന ഹൃദയ വൈകല്യങ്ങൾ കണ്ടുപിടിച്ച് ചികിൽസ നൽകുന്നതിനുള്ള "ഹൃദ്യം" പദ്ധതി, പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>• പ്രസവം നടക്കുന്ന ആശുപത്രികളിൽ ന്യൂബോൺ കോർണർ, താലൂക്കാശുപത്രികളിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, തെരെഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികളിൽ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും ശിശുമരണ കാരണം കണ്ടുപിടിക്കുന്നതിനായി ശിശുമരണ ഓഡിറ്റ് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ടൈഫോയ്ഡ്, കാലാ അസർ തുടങ്ങിയ രോഗങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ; | (സി) | സാൽമണല്ല ടൈഫി വിഭാഗത്തിലുള്ള ബാക്ടീരിയ വഴിയുണ്ടാകുന്ന രോഗമാണ് ടൈഫോയ്ഡ്, രോഗികളുടെയോ രോഗവാഹകരുടേയോ മലമൂത്ര വിസർജ്ജനങ്ങളിൽ നിന്നും രോഗാണുക്കൾ ആഹാര സാധനങ്ങളിൽ കൂടിയും കുടിവെള്ളത്തിലൂടെയും ശരീരത്തിൽ എത്തിയാണ് രോഗമുണ്ടാകുന്നത്. ഇതു തടയുന്നതിനുള്ള ബോധവത്കരണ നടപടികൾ നടന്നു വരുന്നു. കിണറുകൾ ക്ലോറിനേഷൻ നടത്തിയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകളും നടത്തി വരുന്നു. സർക്കാർ ആശുപത്രി, പബ്ലിക് ഹെൽത്ത് ലാബ് തുടങ്ങിയവ വഴി രക്ത സാമ്പിളുകളുടെ പരിശോധന സൗകര്യം ഉറപ്പു വരുത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | ബീഹാർ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ വ്യാപകമായി കണ്ടു വരുന്ന "കാലാ അസർ" എന്ന രോഗം കേരളത്തിൽ വളരെ വിരളമായി മാത്രമാണ് കണ്ടുവരുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി 2020-ഓടുകൂടി കേരളത്തിൽ നിന്നും "കാലാ അസർ" എന്ന രോഗം നിവാരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ്, ട്രൈബൽ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മെച്ചപ്പെട്ട വീടുകൾ ലഭ്യമാക്കുന്നതിനും, ആവശ്യത്തിന് കീടനാശിനികളിൽ മുക്കിയ കൊതുകുവലകളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | വൃക്കരോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ 330 ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് വൃക്കരോഗികൾക്ക് മെച്ചപ്പെട്ട ഡയാലിസിസ് ചികിത്സാ സൗകര്യം സൗജന്യമായി ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. കൂടാതെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 6 ആശുപത്രികളിൽ 50 -ൽ പരം ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് കേന്ദ്രങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം പൂർത്തിയായി വരുന്നു.<br><br>കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ 20 ഡയാലിസിസ് മെഷീനുകൾ ഉൾപ്പെടുന്ന സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ